**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3100 — 21/06/2013-ൽ മറുപടിയ്ക്ക്

## അട്ടപ്പാടി മേഖലയിൽ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.കെ. ബാലൻ** | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കൃഷി വകുപ്പ് മുഖേന അട്ടപ്പാടി മേഖലയിൽ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) കൃഷി വകുപ്പ് മുഖേന അട്ടപ്പാടി മേഖലയിൽ നടപ്പാക്കുന്ന കാർഷിക വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പച്ചക്കറി ഉത്പാദന പദ്ധതി.<br>2. തെങ്ങ് വികസന പദ്ധതി<br>3. പയർ, കിഴങ്ങ് വർഗ്ഗവിള പദ്ധതി<br>4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി<br>5. കാർഷിക യന്ത്രവല്ക്കരണം<br>6. ആർ.കെ.വി.വൈ പദ്ധതി<br>7. കര നെൽകൃഷി<br>8. സുഗന്ധവ്യഞ്ജന വിള വികസനം.<br>9. കൃഷി വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ.<br>10. ഗുണനിലവാര നിയന്ത്രണം.<br>11. സൂക്ഷ്മ ജലസേചനം.<br>12. ബയോഗ്യാസ് പദ്ധതി<br>13. കർഷക പെൻഷൻ<br>14. ലീഡ്സ് & ആത്മ<br>കൂടാതെ തെരഞ്ഞെടുക്കപ്പെട്ട 3 ഊരുകളിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ ഒരു കോടി രൂപയുടെ, താഴെ പറയുന്ന വികസന പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നുണ്ട് :<br>1. ആദിവാസികളുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം<br>2. കാർഷിക പരിശീലന പരിപാടികൾ<br>3. വാഴകൃഷി പച്ചക്കറികൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക<br>4. ഉല്പന്നങ്ങളുടെ വിപണനത്തിനായി കളക്ഷൻ സെന്ററുകളുടെ രൂപീകരണം<br>5. ഉല്പന്നങ്ങളുടെ വിലയിടിയുന്ന അവസരങ്ങളിൽ ദൂരെയുള്ള മാർക്കറ്റുകളിലേയ്ക്ക് കൊണ്ടുപോകുവാനുള്ള വാഹന സൗകര്യം, ഫെയർ പ്രൈസ് സപ്പോർട്ട് (Fair Price Support) എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ഔഷധസസ്യ മിഷൻ പൊതുമേഖലയിൽ ഔഷധ സസ്യ നഴ്സറി സ്ഥാപിക്കുന്നതിനും, ഔഷധ സസ്യ കൃഷി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ബി) ഏതെല്ലാം കാർഷിക വിളകളാണ് അട്ടപ്പാടിയിൽ ആദിവാസികൾ കൃഷി ചെയ്യുന്നത്;

ബി) ധാന്യ വിളകളായ ചോളം, നെല്ല്, റാഗി, പയർവർഗ്ഗവിളകളായ കടല, ചെറുപയർ, മുതിര കിഴങ്ങുവർഗ്ഗവിളകളായ മരിച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എണ്ണവർഗ്ഗവിളയായ നിലക്കടല സുഗന്ധവ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, ജാതി, കുരുമുളക്, വിവിധ പച്ചക്കറി വിളകൾ എന്നിവയാണ് അട്ടപ്പാടിയിൽ ആദിവാസികൾ കൃഷി ചെയ്യുന്നത്.

സി) ആദിവാസികളുടെ പാരമ്പര്യ കാർഷിക വിളകൾ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ ;

സി) ഇല്ല

ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പാരമ്പര്യ വിളകളാണ് കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നത്;

ഡി) ബാധകമല്ല.

ഇ) കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ അട്ടപ്പാടിയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഇ)
1. കന്നുകുട്ടി പരിപാലന പദ്ധതി 2012-13 പ്രകാരം 158 കന്നുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം
2. എസ്.സി.എ ടു എസ്.സി.പി 2012-13 പ്രകാരം 10 ഗുണഭോക്താക്കൾക്ക് രണ്ട് ആട് വീതം വിതരണം ചെയ്തു. (1 ലക്ഷം രൂപ ചെലവഴിച്ചു.)
3. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് 2012-13 ൽ 5 ആടുകൾ വീതം 1 യൂണിറ്റ് ( 15,000/- രൂപ)
4. Regular field visit oriented extension programme 2012-13 ഈ പദ്ധതി പ്രകാരം അട്ടപ്പാടി മേഖലയിൽ മൃഗങ്ങളുടെ ആരോഗ്യ ക്യാമ്പുകൾ (12 ക്യാമ്പുകൾ) വീതം നടത്തി (60,000/- രൂപ ചെലവഴിച്ചു).
5. Organizing camps at milk societies 2012-13 അട്ടപ്പാടി മേഖലയിലെ പാൽ സൊസൈറ്റി കേന്ദ്രീകരിച്ച് 30 ക്യാമ്പുകൾ, മരുന്നു വിതരണം ഇവ സംഘടിപ്പിച്ചു. (90,000/-രൂപ)
6. Comprehensive health care programme 2012-13 6 മൃഗങ്ങളുടെ ആരോഗ്യരക്ഷ ക്യാമ്പുകൾ വീതം നടപ്പിലാക്കി (24,000/- രൂപ ചെലവഴിച്ചു).
7. Infertility Camp 2012-13 പശുക്കളുടെ വന്ധ്യതാ നിവാരണ ക്യാമ്പ് രണ്ട് ക്യാമ്പുകൾ മരുന്നു വിതരണം നടപ്പിലാക്കി (10,000 രൂപ)

8. Mechanization Support to farmer-1 യൂണിറ്റ് ഈ പദ്ധതി പ്രകാരം ഫാം യന്ത്രവൽക്കരണത്തിന് 25,000/- രൂപ ധനസഹായം നൽകി.
9. LDP Heifer Rearing Scheme-15 കർഷകർക്ക് കിടാരി വിതരണം ചെയ്തു. (2.1 ലക്ഷം രൂപ ചെലവഴിച്ചു).
10. Sustainable Live stock Development Buffalo and cow mixed farming പദ്ധതി പ്രകാരം 6 കർഷകർക്ക് 2 എരുമ, 3 പശു ഇവ വീതം വിതരണം ചെയ്തു.
11. Strengthening of Demonstration unit of ideal farmers-1യൂണിറ്റ് (1 ലക്ഷം).
12. Agri Milk cow പദ്ധതി പ്രകാരം 5 കർഷകർക്ക് കറവ പശുക്കളെ വാങ്ങി വിതരണം ചെയ്തു. (1 ലക്ഷം).
13. R.K.V.Y Surabhi Health Care Kit പദ്ധതി പ്രകാരം 250 കിറ്റ് ധാതുലവണ മിശ്രിതം വിതരണം ചെയ്തു.
14. Vidharbha Pregnant animal Feeding Programme 2010-11- ഷോളയൂർ - 500, പുതൂർ- 500, അഗളി - 600 (16.16 ലക്ഷം രൂപ ചെലവഴിച്ചു).
15. Live Stock Development for livelihood support 2010-11 അഗളി-5, പുതൂർ -5, (1 പശു + 2 ആട് + 10 കോഴി -5 ലക്ഷം രൂപ ചെലവഴിച്ചു)

(signature)

**സെക്ഷൻ ഓഫീസർ**